# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

നദികൾക്കായി വെറ്റ്ലാന്റ് അതോറിറ്റി

2597

ശ്രീ. കെ. അച്ചുതൻ
,, ഹൈബി ഈഡൻ
,, വർക്കല കഹാർ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികൾക്കായി വെറ്റ്ലാന്റ് അതോറിറ്റി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ആയതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>മുല്ലപ്പെരിയാർ വിദഗ്ദ്ധ സമിതി</u>

2598 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ.കെ. ജയചന്ദ്രൻ
'' കെ. സുരേഷ് കുറുപ്പ്
'' കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് വിദഗ്ദ്ധ സമിതി സുപ്രീം കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിന്റെയും ആധാര രേഖകളുടെയും പകർപ്പ് ലഭിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇവ സംബന്ധിച്ച് സർക്കാരിന്റെ നിലപാട് അറിയിക്കുമോ ; കേരളത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ എന്തു നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ;

(സി) പുതിയ അണക്കെട്ടിനായുള്ള പഠന പുരോഗതി അറിയിക്കുമോ ;

(ഡി) അന്തർ സംസ്ഥാന ജല ഉപദേശക സമിതി അംഗം രാജി വെയ്ക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>പറമ്പിക്കുളം - ആളിയാർ നദീജലകരാർ</u>

2599 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനതല നദീജലക്കരാർ അനുസരിച്ച് പറമ്പിക്കുളം - ആളിയാറിൽ നിന്നും സംസ്ഥാനത്തിന് അർഹതപ്പെട്ട വെള്ളം ലഭ്യമാക്കുന്നതുവഴി പാലക്കാട് ജില്ലയിലെ നെൽകൃഷിയെ വരൾച്ചയിൽ നിന്നും കൃഷിനാശത്തിൽ നിന്നും സംരക്ഷിക്കാൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കരാർ പ്രകാരം എത്ര ടി. എം. സി. വെള്ളം ലഭിക്കാൻ സംസ്ഥാനത്തിന് അർഹതയുണ്ട്; ഇതിൽ എത്ര ടി. എം. സി ലഭിക്കുന്നുണ്ട്; എത്ര ലഭ്യമാക്കേണ്ടതുണ്ട്; വ്യക്തമാക്കുമോ;

(സി) പാലക്കാട് ജില്ലയുടെ കൃഷി സംരക്ഷണത്തിനായി കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിൽ തമിഴ്നാട് സർക്കാർ വിമുഖത കാണിക്കുവാനുള്ള കാരണം എന്ത്;

(ഡി) തമിഴ്നാട് കേരളത്തിന് ലഭ്യമാക്കേണ്ട ജലം ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ ഇടപെട്ടിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കേന്ദ്ര സർക്കാരിനെ ഇടപെടുത്തി സംസ്ഥാനത്തിന് ലഭ്യമാക്കേണ്ട ജലം ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(എഫ്) കരാർപ്രകാരമുള്ള ജലം തമിഴ്നാട് സർക്കാർ നൽകാതിരിക്കുന്നതിനാൽ ഇത് അന്തർ സംസ്ഥാന കരാർ ലംഘനമായി കണക്കാക്കി അതിനുവേണ്ട അടിയന്തിര നിയമനടപടികൾ സ്വീകരിക്കുമോ;

(ജി) എങ്കിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

(എച്ച്) പാലക്കാട് ജില്ല കൃഷി നാശത്തിലേക്ക് നീങ്ങുന്നതിനാൽ കർഷകർക്ക് ആശ്വാസം നൽകുന്നതിനായി പാലക്കാടിനെ വരൾച്ചബാധിത ജില്ലയായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഐ) ഇല്ലെങ്കിൽ ഇതിനായുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും നവീകരണത്തിനുള്ള പദ്ധതി</u>

2600 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും നവീകരണത്തിനുള്ള പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) തണ്ണീർ മുക്കം ബണ്ടിന്റെ കോ-ഫർഡാം ഒഴിവാക്കുന്നതിനുള്ള പ്രോവിഷൻ കൂടി ഉൾപ്പെട്ട ഡി. പി. ആർ. തയ്യാറാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത രണ്ട് പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

കല്ലട ജലസേചന പദ്ധതിയുടെ കനാൽ റോഡുകൾ

2601 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ലട ജലസേചന പദ്ധതിയുടെ ഭാഗമായി കനാൽ റോഡുകൾ തകർന്ന് ഗതാഗതം ദുഷ്കരമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കനാൽ റോഡുകളുടെ പുനരുദ്ധാരണത്തിന് സർക്കാർ അധികാരത്തിൽ വന്നിട്ട് എത്ര രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകി;

(സി) ഉമ്മന്നൂർ, വെളിയം, എഴുകോൺ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന കനാൽ റോഡുകളുടെ പുനരുദ്ധാരണത്തിന് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>എ. സി. കനാൽ നിർമ്മാണം</u>

2602 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള എ. സി. കനാൽ നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) മനക്കൽ ചിറ മുതൽ ഒന്നാംകര വരെയുള്ള ഒന്നാംഘട്ട നിർമ്മാണത്തിന് എന്ന് ടെൻണ്ടർ ക്ഷണിക്കുമെന്ന് വിശദമാക്കുമോ ;

(സി) രണ്ടാം ഘട്ടത്തിൽപ്പെടുന്ന ഒന്നാംകര മുതൽ നെടുമുടി വരെയുള്ള ഭാഗത്തിന്റെ കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും താമസക്കാരെയും മറ്റും പുനരധിവസിപ്പിക്കുന്നതിനും ഡി. പി. ആർ. തയ്യാറാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

പി.ഐ.പി. വക സ്ഥലം ലഭ്യമാക്കാനുള്ള നടപടി

2603 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി സർക്കാർ ഐ.ടി.ഐ.ക്കു വേണ്ടി വലിയകലുങ്കിനടുത്ത് പി.ഐ.പി. വക ഉപയോഗശൂന്യമായ മൂന്നേക്കർ സ്ഥലം വിട്ടുകിട്ടുവാൻ സ്ഥലം എം.എൽ.എ. നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(ബി) അയിരൂർ ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് കോളേജിനായി വേലംപടിയിലെ പി.ഐ.പി. വക ഉദ്ദേശം 50 സെന്റ് സ്ഥലം വിട്ടുകിട്ടുവാൻ എം.എൽ.എ. നൽകിയ അപേക്ഷയെത്തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

ഓണാട്ടുകര പദ്ധതി

2604 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായുള്ള ഓണാട്ടുകര പദ്ധതിയിൽ എത്ര കോടി രൂപയുടെ പ്രവൃത്തികളാണുള്ളത് ; ഇതിൽ എത്ര രൂപ ചെലവഴിച്ചു ;

(ബി) ജലവിഭവ വകുപ്പിന്റെ എത്ര കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തു ; ടെണ്ടർ നടപടികൾ എന്ന് പൂർത്തീകരിക്കും ; ടെണ്ടർ ചെയ്യുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മാവേലിക്കര മണ്ഡലത്തിലെ വഴുവാടിക്കടവ് നവീകരണത്തിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

വൈപ്പിൻ മണ്ഡലത്തിലെ മേജർ, മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

2605

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാരിന് മുമ്പാകെ സമർപ്പിക്കപ്പെട്ട വൈപ്പിൻ മണ്ഡലത്തിലെ മേജർ, മൈനർ ഇറിഗേഷൻ പ്രവൃത്തികൾക്ക് എന്ത് തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തവനൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ</u>

2606 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തവനൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ ഇറിഗേഷൻ വകുപ്പുമുഖേനയുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളത് എന്നും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി എന്തെല്ലാമാണെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ ജലസംരക്ഷണ പദ്ധതികള്‍</u>

2607 ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ജലസംരക്ഷണ പദ്ധതികള്‍ക്കായി കഴിഞ്ഞ സാമ്പത്തിക വര്‍ഷം വകയിരുത്തിയ തുക എത്രയെന്നും അതില്‍ എന്ത് തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വര്‍ഷം കേന്ദ്ര പദ്ധതികള്‍ ഉള്‍പ്പെടെ എന്ത് തുകയാണ് ജലസംരക്ഷണ പദ്ധതികള്‍ക്കായി നീക്കിവച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ജലസംരക്ഷണ പ്രവര്‍ത്തനങ്ങള്‍ ഊര്‍ജ്ജിതവും വ്യാപകവുമാക്കാന്‍ എന്തെല്ലാം നടപടികള്‍ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ മണ്ഡലത്തിലെ ആർ.ഒ. പ്ലാന്റുകൾ</u>

2608 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ എത്ര ആർ.ഒ. പ്ലാന്റുകളാണുള്ളത്; ഇവയിൽ പ്രവർത്തനക്ഷമമല്ലാതായി കിടക്കുന്നത് എത്ര; വിശദമാക്കാമോ;

(ബി) പ്ലാന്റുകൾ തകരാറിലായിട്ടും അറ്റകുറ്റപ്പണി ചെയ്തു ശുദ്ധജലം വിതരണം ചെയ്യാൻ കഴിയാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പ്ലാന്റുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനും വാർഷിക മെയിന്റനൻസ് നടത്തുന്നതിനും ആവശ്യമായ ഫണ്ട് അനുവദിക്കേണ്ട അധികാരികൾ ആരാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പമ്പ് ഓപ്പറേറ്റർമാരുടേയും വാൽവ് ഓപ്പറേറ്റർമാരുടേയും പ്രതിമാസ വേതന കുടിശ്ശിക</u>

2609 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി കൊല്ലം ഡിവിഷനിലെ പമ്പ് ഓപ്പറേറ്റർമാരുടേയും വാൽവ് ഓപ്പറേറ്റർമാരുടേയും പ്രതിമാസ വേതനം കുടിശ്ശിക ആയിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര മാസത്തെ വേതനം കുടിശ്ശിക ആയിട്ടുണ്ടെന്നും കുടിശ്ശിക തുക എത്രയെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കുട്ടമ്പേരൂരാറിന്റെ നവീകരണം</u>

2610 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ട ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന പമ്പ, അച്ചൻകോവിലാറുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുട്ടമ്പേരൂരാറിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നദിയിൽ ജലജന്യരോഗങ്ങൾക്ക് കാരണമാകുന്ന കോളിഫോം ബാക്ടീരിയ പെരുകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; എന്തു നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത നദിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് നവീകരണം നടത്തി നീരൊഴുക്ക് സുഗമമാക്കി സഞ്ചാരയോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>സാങ്കേതിക ഉപദേശക സമിതി</u>

2611 ശ്രീ. എ.കെ ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിലെ സാങ്കേതിക ഉപദേശക സമിതിയുടെ ചെയർമാൻ ആരാണ് ; ഇതിൽ എത്ര അംഗങ്ങളാണ് ഉള്ളത് ; ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സാങ്കേതിക ഉപദേശക സമിതി അവസാനമായി യോഗം ചേർന്നത് എന്നാണെന്ന് വ്യക്തമാക്കാമോ ; ഈ സമിതി യോഗം ചേരാത്തതിനാൽ സുപ്രധാനമായ പല പ്രോജക്ടുകളും നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇപ്പോഴുള്ള സമിതിയെ പിരിച്ചുവിട്ടുകൊണ്ട് പുതിയ സമിതിയെ തെരഞ്ഞെടുക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>റിമോട്ട് സെൻസിങ് ആന്റ് എൺവയോൺമെന്റ് സെന്ററിന്റെ പ്രവർത്തനം</u>

2612 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല അതോറിറ്റിയുടെ ആസ്തി നിർണ്ണയത്തിന് മുൻ സർക്കാരിന്റെ കാലത്ത് സ്വകാര്യ കമ്പനികളെ പങ്കെടുപ്പിച്ചിരുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ പൊതുമേഖലയുടെ കീഴിലുള്ള റിമോട്ട് സെൻസിങ് ആന്റ് എൺവയോൺമെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് എന്ത് തുകയാണ് നൽകിവരുന്നത്;

(സി) പ്രസ്തുത സ്ഥാപനം നടത്തിവരുന്ന പ്രവർത്തനങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് കൈമാറാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിനായി എന്ത് തുക ആവശ്യമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>കുഴൽക്കിണർ നിർമ്മിക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികൾ</u>

2613 ശ്രീ. എ. റ്റി. ജോർജ്
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഴൽക്കിണർ നിരമ്മിക്കുമ്പോൾ പാലിക്കേണ്ട സുരക്ഷാ നടപടികൾ എന്തെല്ലാം;

(ബി) ഇതിനെ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടോ എന്നറിയാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുളളത്?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

നദീ സംരക്ഷണ സേന

2614 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. മുരളീധരൻ
,, വി. ഡി. സതീശൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നദീ സംരക്ഷണ സേന രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രിതിയും എന്തൊക്കെയാണ്;

(സി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

റിവർ മാനേജ്മെന്റ് അതോറിറ്റി

2615 ശ്രീ. അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദീ സംരക്ഷണത്തിനായി റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ആയതിനായി എന്തെല്ലാം പ്രാരംഭനടപടികൾ സ്വീകരിച്ചു ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രം

2616 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം കേരളത്തിലെ ഏതെല്ലാം ജലസേചന പദ്ധതികളിൽ നടപ്പിലാക്കിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) 2010-11 സാമ്പത്തിക വർഷം മുതൽ ഈ പ്രോഗ്രാമിന് ലഭിച്ച കേന്ദ്രവിഹിതം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാനവിഹിതം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>കനാൽ ബണ്ട് റോഡ് നവീകരണം</u>

2617 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കനാൽ ബണ്ട് റോഡുകളിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ ഓരോന്നിന്റെയും പ്രവർത്തനപുരോഗതി വിശദമാക്കാമോ ; ഓരോ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതാണോ എന്ന് വ്യക്തമാക്കാമോ ;

(ബി) നവീകരണ പ്രവൃത്തികൾ എന്ന് ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ റോഡിന്റെയും നവീകരണത്തിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക എത്രയെന്നും റ്റി.എസ്. എന്നാണ് ലഭിച്ചത് എന്നും റ്റി. എസ്. ഉത്തരവ് നമ്പർ തീയതി സഹിതം വ്യക്തമാക്കാമോ ;

(ഡി) 2013-14 ബഡ്ജറ്റിലേയ്ക്ക് പരിഗണിക്കുന്നതിനായി കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് കക്കോടി, വടകര സബ്ബ് ഡിവിഷനുകളിൽ നിന്ന് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള പ്രപ്പോസലുകൾ ഏതെല്ലാമെന്ന് വിശദമായി ഇനം തിരിച്ച് എസ്റ്റിമേറ്റ് തുക സഹിതം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>കുളങ്ങളും ചിറകളും സംരക്ഷിക്കുന്നതിന് നടപടി</u>

2618 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളങ്ങളും ചിറകളും സംരക്ഷിക്കുന്ന പദ്ധതിയിൽ പരിഗണിക്കുന്നതിനായി നാളിതുവരെ കോഴിക്കോട് ജില്ലയിൽ നിന്നും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് സമർപ്പിച്ചിട്ടുള്ള കുളങ്ങളുടെയും ചിറകളുടെയും വിശദവിവരങ്ങൾലഭ്യമാക്കുമോ;

(ബി) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതോടൊപ്പം തന്നെ കടൽജലം ശുദ്ധീകരിച്ച് കുടിവെള്ളമായി ഉപയോഗിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) കൊയിലാണ്ടി മണ്ഡലത്തിൽ ഇത്തരം ഒരു പദ്ധതി നടപ്പിലാക്കുന്നതിനായി ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ പെടുന്ന ഏതെല്ലാം കുളങ്ങളും ചിറകളും സംരക്ഷിക്കുന്നതിന് പരിഗണിച്ചിട്ടുണ്ട് എന്നത് വിശദമായി വ്യക്തമാക്കാമോ;

(ഇ) ഉണ്ടെങ്കിൽ വിശദമാക്കാമോ; നിവേദനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കടമ്പ്രയാറിനും കോഴിച്ചിറയ്ക്കുമിടയിൽ ലോക്ക്-കം-റഗുലേറ്റർ</u>

2619 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടമ്പ്രയാറിനും കോഴിച്ചിറയ്ക്കുമിടയിൽ ലോക്ക്-കം-റഗുലേറ്റർ സ്ഥാപിക്കുന്നതിന് ലൊക്കേഷൻ തീരുമാനിച്ച് ഡിസൈൻ ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കടമ്പ്രയാറിൽ ആഴം കൂട്ടുന്നതിനും തീരം സംരക്ഷിക്കുന്നതിനും ബോട്ട് ജെട്ടികൾ നിർമ്മിക്കുന്നതിനും ഉളള പ്രവർത്തികളുടെ ടെണ്ടർ നടപടി ആയിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

വടകര മാഹികനാൽ

2620 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര-മാഹികനാൽ നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കനാൽ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) കനാൽ നിർമ്മാണത്തിന്റെ ഭാഗമായി ഏതൊക്കെ സ്ഥലങ്ങളിൽ പാലം നിർമ്മിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം

2621 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.ഐ.പി. പ്രധാന കനാലിന്റെ 2-ാം കിലോമീറ്ററിലെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന് എത്ര ലക്ഷം രൂപയുടെ ഭരണാനുമതി, എന്നാണ് നൽകിയതെന്ന് അറിയിക്കുമോ; പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിലേയ്ക്ക് ടെണ്ടർ നടപടി പൂർത്തീകരിച്ചുവോ; എന്നത്തേക്ക് നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) 2-ാം കിലോമീറ്ററിലെ തകരാറു പരിഹരിക്കാത്തതുമൂലമാണ് 23-ാം കിലോമീറ്ററിൽ സ്ഥിതിചെയ്യുന്ന ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം പ്രവർത്തിപ്പിക്കുവാൻ കഴിയാത്തതെന്ന അധികാരികളുടെ നിഗമനം ശരിയാണോ; വിശദമാക്കുമോ;

(സി) ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ പ്രദേശത്ത് യഥേഷ്ടം ജലം ഒഴുകി എത്തുന്നതിലേക്ക് മറ്റ് തടസ്സങ്ങൾ എന്തെങ്കിലും ഉള്ളതായി കണ്ടെത്തുകയോ, പഠനം നടത്തുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അവയ്ക്ക് പരിഹാരം കാണുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള തടസ്സങ്ങൾ പരിഹരിച്ച് വരുന്ന വേനൽകാലത്ത് ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം പ്രവർത്തിപ്പിക്കുവാൻ നടപടി കൈക്കൊള്ളുമോ;

(ഇ) പ്രസ്തുത ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം പ്രവർത്തിപ്പിക്കണമെങ്കിൽ വൈദ്യുതി ബോർഡിലേക്കുള്ള കുടിശ്ശിക തുക അടക്കണമെന്നുള്ളത് ശരിയാണോ; എങ്കിൽ എത്ര രൂപയെന്നും ആയതിലേക്ക് സ്വീകരിച്ച നടപടി എന്തെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**19.12.2012-ലെ മറുപടിക്ക്**

<u>കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ</u>
<u>വിവിധ പദ്ധതികൾ</u>

2622 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും നടക്കാനിരിക്കുന്നതുമായ കടലാക്രമണം ചെറുക്കുവാനുളള പ്രവൃത്തികൾ/സീവാൾ നിർമ്മാണം/സീവാൾ പുനരുദ്ധാരണം/റിവർ പ്രൊട്ടക്ഷൻ/റിവർ സൈഡ് വാൾ പ്രൊട്ടക്ഷൻ വർക്കുകൾ ഏതെല്ലാമാണ് ;

(ബി) ഓരോ പ്രവർത്തിക്കും ചെലവഴിക്കുന്ന ഭരണാനുമതിയുള്ള തുക എത്രയാണ് ; ഓരോ പ്രവൃത്തിയുടെയും പുരോഗതി ഏതു ഘട്ടം വരെ ആയി എന്ന് വിശദമാക്കുമോ ;

(സി) കൊയിലാണ്ടി ഇരിങ്ങൽ വില്ലേജിൽപ്പെടുന്ന കോട്ടതുരുത്തിയിലെ തുരുത്ത് പ്രദേശത്ത് പാർശ്വഭിത്തി നിർമ്മിക്കുന്നതിനായി ആരുടെയെങ്കിലും നിവേദനം ലഭിച്ചിരുന്നുവോ ;

(ഡി) കോട്ടതുരുത്തിയിൽ പാർശ്വഭിത്തി കെട്ടുന്ന പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; തയ്യാറാക്കിയ എസ്റ്റിമേറ്റും മറ്റ് രേഖകളും അംഗീകാരത്തിനും ഭരണാനുമതിയ്ക്കുമായുള്ള നടപടികളുടെ ഏത് ഘട്ടത്തിലാണ് ;

(ഇ) അടിയന്തിര പ്രാധാന്യമുള്ള ഈ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; പദ്ധതി എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കനാലുകളുടെ വികസനം</u>

2623 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടപ്പള്ളി തോടിന്റെ പ്രവൃത്തിക്ക് നബാർഡിന്റെ കീഴിൽ എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്;

(ബി) തുക അനുവദിച്ചിട്ടില്ലെങ്കിൽ അനുവദിക്കുമോ;

(സി) ചങ്ങാടംപോക്ക്, തേവര,പേരണ്ടൂർ കനാലുകളുടെ വികസന പ്രവൃത്തികൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ആർ. ഐ. ഡി. എഫ് - 18 ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ

2624 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. ഐ. ഡി. എഫ് -18 ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി കാഞ്ഞങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് ജലവിഭവ വകുപ്പിന്റെ പരിഗണനയ്ക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഈ നിർദ്ദേശങ്ങളുടെ അനുമതിക്കായുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) ആർ. ഐ. ഡി. എഫ് 16, 17 എന്നിവകളിൽ ഉൾപ്പെടുത്തി നബാർഡ് അനുമതി നൽകിയ ഏതെല്ലാം പദ്ധതികളാണ് പൂർത്തിയായതെന്നും ഏതെല്ലാം പദ്ധതികളാണ് പൂർത്തിയാകാൻ ബാക്കിയുള്ളതെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ബേപ്പൂർ നിയോജക മണ്ഡലത്തിലെ
കടൽഭിത്തികളുടെ നവീകരണം</u>

2625

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ കടലുണ്ടി, ചാലിയം, ബേപ്പൂർ, മാറാട് ഭാഗങ്ങളിൽ കടൽഭിത്തികൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>വലിയപറമ്പ് ദ്വീപിൽ കടൽഭിത്തി നിർമ്മാണം</u>

2626 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം ശക്തമായ വലിയപറമ്പ് ദ്വീപ് പഞ്ചായത്തിൽ കടൽഭിത്തിയില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഭിത്തി കെട്ടി സംരക്ഷണം ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂർ പാടിപ്പുഴ ബ്രിഡ്ജ് നിർമ്മാണം</u>

2627 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ പഞ്ചായത്തിലെ പാടിപ്പുഴക്ക് കുറുകെ ക്രോസ് ബാർ കം ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**19.12.2012-ലെ മറുപടിക്ക്**

<u>മുനയം ബണ്ട് നിർമ്മാണം</u>

2628 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താന്ന്യം പഞ്ചായത്തിലെ മുനയം സ്ഥിരം ബണ്ട് നിർമ്മാണത്തിന് പദ്ധതിയായിട്ടുണ്ടോ ;

(ബി) പ്രസ്തുത ബണ്ടിന്റെ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ ; എസ്റ്റിമേറ്റ് തുക എത്രയാണ് ;

(സി) സ്ഥിരം ബണ്ടിന്റെ നിർമ്മാണം എന്നു തുടങ്ങാനാകുമെന്നും പ്രവൃത്തി എന്നു പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>വാമനപുരം നിയോജകമണ്ഡലത്തിലെ ഏലാ തോടുകൾ</u>

2629 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര ഏലാതോടുകൾ പാർശ്വഭിത്തി നിർമ്മിച്ച് സംരക്ഷിച്ചിട്ടുണ്ട് ; അവ ഏതെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) പാർശ്വഭിത്തി കെട്ടി സംരക്ഷിക്കേണ്ട എത്ര ഏലാ തോടുകളുടെ പ്രൊപ്പോസലുകളാണ് ഇപ്പോൾ പരിഗണനയിലുള്ളത് ; അവ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തിരമായി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

മുദിശാസ്താംകോട് പാലം നിർമ്മാണം

2630 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കരകുളം ഗ്രാമപഞ്ചായത്തിലെ കിളളിയാറിനു കുറുകെ മുദിശാസ്താംകോട് പാലം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് എത്ര രൂപയാണ്; എന്നാണ് ടെണ്ടർ ചെയ്തത്; പ്രവൃത്തി എന്ന് ആരംഭിച്ചു;

(ബി) പ്രവൃത്തി എന്ന് പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്;

(സി) നിശ്ചിത സമയത്ത് പാലത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ പവൃത്തി എന്ന് പൂർത്തിയാക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ചേലക്കര നിയോജകമണ്ഡലത്തിൽ ചെറുതുരുത്തി തടയണയുടെ നിർമ്മാണം</u>

2631 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഭാരതപ്പുഴക്ക് കുറുകെയുള്ള ചെറുതുരുത്തി തടയണയുടെ നിർമ്മാണം സ്തംഭനാവസ്ഥയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) പദ്ധതിക്ക് ഭരണാനുമതി പുതുക്കി നൽകേണ്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) ഭരണാനുമതി പുതുക്കുവാനുള്ള നിർദ്ദേശമടങ്ങിയ ഫയൽ റവന്യൂ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) റിവർമാനേജ്മെന്റ് ഫണ്ടിൽ നിന്നും ആവശ്യമായ തുക ലഭ്യമാക്കി എത്രയും വേഗം തടയണ നിർമ്മാണം പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ചേലക്കര നിയോജകമണ്ഡലത്തിലെ തടയണകളുടെ നിർമ്മാണ നടപടികൾ</u>

2632 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ മലബാർ ഇറിഗേഷൻ പ്രൊജക്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്ന കൂട്ടിൽമുക്ക്, പൈങ്കുളം, കൊടപ്പാറക്കയം എന്നീ തടയണകളുടെ നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(ബി) ഇതിൽ സാങ്കേതികാനുമതി ലഭിച്ച ഏതെങ്കിലും പദ്ധതി ഉണ്ടോയെന്നും പ്രസ്തുത പദ്ധതി ടെന്റർ ചെയ്യുവാനുള്ള കാലതാമസത്തിന് കാരണമെന്തെന്നും വ്യക്തമാക്കുമോ

(സി) ഇനിയും കാലതാമസം വരുത്താതെ പ്രസ്തുത പദ്ധതികൾ നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ബാവേലിപ്പുഴയുടെ വശങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് നടപടി

2633 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാവൂർ നിയോജകമണ്ഡലത്തിലെ മണത്തണ-കൊട്ടിയൂർ റോഡരികിലൂടെ ഒഴുകുന്ന ബാവേലിപ്പുഴയുടെ സൈഡ് ഇടിഞ്ഞ് റോഡിന് ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(സി) പ്രസ്തുത പുഴയുടെ വശങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

ജിയോബെഡ് പരീക്ഷണം

2634 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കടലിൽ കല്ലിട്ട് തീരസംരക്ഷണം നടത്തുന്നതിനു പകരം ജിയോബെഡ് എന്ന ശാസ്ത്രീയ രീതി പരീക്ഷിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; കേരളത്തിന്റെ തീരപ്രദേശങ്ങളിൽ എവിടെയെല്ലാമാണ് ജിയോബെഡ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കുമോ ; ആലപ്പുഴ ജില്ലയിൽ എത്ര കിലോമീറ്റർ തീരമാണ് ജിയോബെഡ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് പറയാമോ ; അതിനുവേണ്ടി എത്ര തുകയാണ് വിനിയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ജലനിധി പദ്ധതി</u>

2635

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതി എത്ര പഞ്ചായത്തുകളിലാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ജലനിധിയുടെ രണ്ടാംഘട്ട പദ്ധതി, നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് ജലനിധി പദ്ധതി നടപ്പാക്കുക എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ജലനിധി രണ്ടാംഘട്ട പദ്ധതി</u>

2636 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ട പദ്ധതിരേഖയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ആദ്യബാച്ചായി നടപ്പിലാക്കുന്ന പഞ്ചായത്തുകൾ ഏതെല്ലാമാണ്;

(സി) എത്ര പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ജലശ്രീ പദ്ധതി</u>

2637 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ തോറും ഓരോ കുളങ്ങൾ കെട്ടി സംരക്ഷിക്കുന്ന ജലശ്രീ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ചാലക്കുടി മണ്ഡലത്തിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള കുളങ്ങളുടെ കാര്യത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുക?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ജലവിതരണ പദ്ധതികളുടെ ടെണ്ടർ ക്രമീകരണം</u>

2638 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ ജലവിതരണപദ്ധതികളുടെ വിവിധ പ്രവൃത്തികൾ വെവ്വേറെ ടെണ്ടർ ചെയ്യുന്നതുമൂലമുണ്ടാകുന്ന കാലതാമസം പദ്ധതികൾ വൈകിപ്പിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓരോ പദ്ധതിയുടെയും വ്യത്യസ്ത ജോലികൾ ഒരേ സമയം പൂർത്തിയാകുന്ന തരത്തിൽ ക്രമീകരിക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

ജലശുദ്ധീകരണത്തിന് പുതിയ പ്ലാന്റുകൾ

2639 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കുടിവെള്ള പദ്ധതികളാണുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതികളിൽ ജല ശുദ്ധീകരണം എപ്രകാരമാണ് നടത്തുന്നത് ;

(സി) എത്ര പദ്ധതികളിൽ ജലശുദ്ധീകരണ പ്ലാന്റുകൾ പ്രവർത്തിക്കുന്നു;

(ഡി) എല്ലാ കുടിവെള്ള പദ്ധതികളിലും ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>മൂര്‍ക്കനാട് കുടിവെള്ള പദ്ധതി</u>

2640

ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മൂര്‍ക്കനാട് കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) മൂര്‍ക്കനാട് കുടിവെള്ള പദ്ധതി പരിപൂര്‍ണ്ണമായ രീതിയില്‍ എന്ന് കമ്മീഷന്‍ ചെയ്യാന്‍ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കല്ലറ - പനവൂർ - പുല്ലമ്പാറ കുടിവെള്ള പദ്ധതി</u>

2641 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ലറ - പനവൂർ - പുല്ലമ്പാറ കുടിവെള്ള പദ്ധതിയുടെ പണികൾ ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ;

(ബി) നാളിതുവരെ എത്ര ശതമാനം പണികൾ പൂർത്തിയാക്കി; പദ്ധതിക്ക് ഇതുവരെ എത്ര തുക ചെലവായി എന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി പൂർത്തീകരണത്തിന് ഇനി ആവശ്യമായ തുകയെത്ര; പ്രസ്തുത തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പദ്ധതി പൂർത്തിയാക്കുന്നതിന് ഇനി എന്തെല്ലാം പണികളാണ് ബാക്കിയുള്ളതെന്ന് വിശദമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി എന്നു മുതൽ പ്രവർത്തനസജ്ജമാക്കി ജനങ്ങൾക്ക് തുറന്നുകൊടുക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

**കേരള നിയമസഭ**
**19.12.2012-ലെ മറുപടിക്ക്**

<u>തൃത്താല ശുദ്ധജലപദ്ധതി</u>

2642 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി പി.എച്ച്. സർക്കിളിൻ കീഴിൽ വരുന്ന കുന്നംകുളം, ഗുരുവായൂർ, ചാവക്കാട് നഗരസഭാ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്ന തൃത്താല ശുദ്ധജല പദ്ധതിയിലെ മോട്ടോർ സെറ്റുകൾ കാലപ്പഴക്കത്താലും മറ്റും പ്രവർത്തനക്ഷമമല്ലാത്തതിനാൽ പ്രസ്തുത മേഖലകളിൽ ശുദ്ധജലവിതരണം സുഗമമായി നടക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ശബരിമല സീസണിൽ ഗുരുവായൂരിലെ വർദ്ധിച്ച ശുദ്ധജല ആവശ്യം കണക്കിലെടുത്തും, മൂന്ന് നഗരപ്രദേശത്തെ ശുദ്ധജലക്ഷാമം കണക്കിലെടുത്തും ,തൃത്താലയിലെ മോട്ടോർ പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;
വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

വെട്ടം കുടിവെള്ള പദ്ധതി

2643 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചമ്രവട്ടം പദ്ധതിയിലെ ജലസ്രോതസ് ഉപയോഗപ്പെടുത്തിയുള്ള വെട്ടം കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയില്‍ തിരൂര്‍, താനൂര്‍ നിയോജകമണ്ഡലങ്ങളിലെ ഏതൊക്കെ പഞ്ചായത്തുകളാണ് ഉള്‍പ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധമായി താനൂര്‍, താനാളൂര്‍, ചെറിയമുണ്ടം, പൊന്മുണ്ടം, നിറമരുതൂര്‍ എന്നീ പഞ്ചായത്തുകളുടെ സര്‍വ്വെ ഏത് ഘട്ടത്തിലാണ്;

(ഡി) പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ കോമണ്‍ കംപോണന്റ് തിരൂര്‍-താനൂര്‍ നിയോജമണ്ഡലങ്ങളിലെ പദ്ധതികള്‍ക്ക് പൊതുവായി ഉപയോഗപ്പെടുത്തിയാല്‍ ഉണ്ടാകുന്ന സാമ്പത്തിക ലാഭം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ;

(ഇ) എത്ര കോടി രൂപയാണ് പ്രസ്തുത പദ്ധതിക്ക് ചെലവ് പ്രതീക്ഷിക്കുന്നതെന്നറിയിക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

വൈപ്പിന്‍ മണ്ഡലത്തിലെ ശുദ്ധജലവിതരണം

2644 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈപ്പിന്‍ മണ്ഡലത്തിലെ ശുദ്ധജലവിതരണത്തില്‍ പമ്പിംഗ് തടസ്സപ്പെടുന്നത് മൂലം ദിവസങ്ങളോളം വെള്ളം ലഭിക്കാതെ ജനങ്ങള്‍ ബുദ്ധിമുട്ടുന്ന വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഹഡ്കോ, ചൊവ്വര പദ്ധതികളില്‍ നിന്നും വൈപ്പിന്‍ മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലേയ്ക്ക് ആവശ്യാനുസരണം ശുദ്ധജലം ലഭിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ;

(സി) വൈപ്പിന്‍ മണ്ഡലത്തില്‍ മാത്രമായി ഏതെങ്കിലും ശുദ്ധജലവിതരണപദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കില്‍ ഏത് പദ്ധതിയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) മണ്ഡലത്തില്‍ പ്രതിദിനം ആവശ്യമുള്ള വെള്ളത്തിന്റെ അളവ് എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**19.12.2012-ലെ മറുപടിക്ക്**

<u>ഹഡ്കോ, ചൊവ്വര പദ്ധതി</u>

2645 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഹഡ്കോ- ചൊവ്വര പദ്ധതി പ്രകാരം പ്രതിദിനം വൈപ്പിൻ മേഖലയിലെ വിവിധ പഞ്ചായത്തുകളിൽ വിതരണം ചെയ്യുന്ന ശുദ്ധജലത്തിന്റെ അളവ് മോണിറ്റർ ചെയ്യുന്നതിന് സർക്കാർ സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ ലഭ്യമാകുന്ന വെള്ളത്തിന്റെ അളവ് കണക്കാക്കുന്നതിന് ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി മോണിറ്ററിംഗ് സംവിധാനം നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പേരാമ്പ്ര ടൗണിലെ കുടിവെള്ളം വിതരണം</u>

2646 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ടൗണിലും ചുറ്റുപാടുമുള്ള പഞ്ചായത്തുകളിലും കുടിവെള്ളം വിതരണം ചെയ്യുന്ന കേരള വാട്ടർ അതോറിറ്റിയുടെ പെരുവണ്ണാമൂഴി ജലസ്രോതസ്സ് ഉപയോഗപ്പെടുത്തിയുള്ള പദ്ധതി കാര്യക്ഷമമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ കാലപ്പഴക്കം ചെന്നതും ഇപ്പോൾ ഉപയോഗയോഗ്യമല്ലാത്തതുമായ പൈപ്പുകൾ മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി കാര്യക്ഷമമാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഫണ്ട് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>നെന്മാറ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ</u>

2647

ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ ഏതെല്ലാം കുടിവെള്ള പദ്ധതികൾക്കാണ് വിവിധ വകുപ്പുകൾ മുഖേന ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്; എത്ര എണ്ണത്തിന്റെ ടെൻഡർ നടപടി പൂർത്തീകരിച്ചു;

(സി) കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ചീക്കോട് ശുദ്ധജല വിതരണ പദ്ധതി</u>

2648

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചീക്കോട് ശുദ്ധജല വിതരണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ട്രീറ്റ്മെന്റ് പ്ലാന്റ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ പ്രവൃത്തി കമ്മീഷൻ ചെയ്ത് എന്നത്തേയ്ക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

അമലാപുരം-തട്ടുപാറ കുടിവെള്ള പദ്ധതി

2649 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2 കോടി 62 ലക്ഷം രൂപ അനുവദിച്ച അമലാപുരം-തട്ടുപാറ കുടിവെള്ള പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ചീക്കോട് കുടിവെള്ള പദ്ധതി</u>

2650

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര പഞ്ചായത്തിനെ ചീക്കോട് കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തിരുവല്ലത്തെ ബലിതർപ്പണ കടവിന്റെ ശുചീകരണം</u>

2651

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ തിരുവല്ലം പരശുരാമ ക്ഷേത്രത്തിനു സമീപത്തുകൂടെ ഒഴുകുന്ന കരമന-കിള്ളിയാറിൽ ഉള്ള, ബലിതർപ്പണം നടത്തുന്ന കടവ് ശുചീകരിക്കുന്നതിനായി ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രത്തിനടുത്തുള്ള പാർവ്വതീപുത്തനാർ ശുചീകരിക്കുന്നതിനായി കൈക്കൊണ്ട നടപടി എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ<br>കുടിവെള്ള പദ്ധതികൾ</u>

2652 ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതി നടപ്പിലാക്കിവരുന്ന ജില്ലകൾ ഏതെല്ലാമാണ്; ഓരോ ജില്ലയിലും പ്രസ്തുത പദ്ധതി നടത്തിപ്പിനായി ചെലവഴിച്ച തുകയെത്ര;

(ബി) പൂഞ്ഞാർ മണ്ഡലത്തിൽ കുടിവെള്ള ദൗർലഭ്യം നേരിടുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(സി) കുടിവെള്ള ലഭ്യത മുൻനിർത്തി പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖാന്തിരം കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കൽപ്പറ്റയിൽ നബാർഡ് സഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ</u>

2653 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ ജലവിഭവവകുപ്പ് കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും വകയിരുത്തിയിട്ടുള്ള തുകയും ചെലവഴിച്ച തുകയും എത്രയെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

വൈക്കം നിയോജക മണ്ഡലത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതികൾ

2654 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ചത് ഏതെല്ലാം പഞ്ചായത്തുകളിലെ ഏതെല്ലാം റോഡുകളിലൂടെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ചില സ്ഥലങ്ങളിൽ സ്ഥിരമായി പൈപ്പ് പൊട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം എന്തെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) പൈപ്പുകൾ സ്ഥാപിക്കാൻ കുഴിയ്ക്കപ്പെട്ട റോഡുകളിൽ ഏതെല്ലാമാണ് പുനർ നിർമ്മിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) പൈപ്പുകൾ സ്ഥാപിച്ച റോഡുകൾ പുനർ നിർമ്മിച്ചതിനുശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റോഡിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ഇ) പ്രസ്തുത റോഡുകളിൽ പൈപ്പുകൾ സ്ഥാപിച്ചഭാഗം താഴ്ന്ന് ഗതാഗതയോഗ്യമല്ലാതായ വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) പൈപ്പ് സ്ഥാപിച്ചതിനെത്തുടർന്ന് തകർന്ന വെള്ളൂർ, മറവൻ തുരുത്ത് പഞ്ചായത്തുകളിലെ റോഡുകൾ പുനർനിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കിളിമാനൂർ കാനാറ കുടിവെള്ള പദ്ധതി</u>

2655 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ കാനാറ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത് ;

(ഡി) ഇതിൽ എത്ര രൂപ ഇതുവരെ ചെലവഴിച്ചുവെന്നും ഈ പ്രവൃത്തിയുടെ കരാർ എടുത്തിരിക്കുന്നത് ആരാണെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കോവളം മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം</u>

2656 ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിലെ ഒരു കുളം നവീകരിക്കുന്ന പദ്ധതി പ്രകാരം കോവളം നിയോജക മണഡ്ലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുളങ്ങൾ നവീകരിക്കുന്നതിനുളള ഭരണാനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

2657 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കായി അങ്കമാലി നിയോജമകണ്ഡലത്തിൽ അനുവദിച്ച 11.50 കോടി രൂപയുടെ പുനരുദ്ധാരണ പ്രവൃത്തികളിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതെല്ലാമെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം എന്തെന്നും ഇത് എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തിരുവല്ല നിയോജക മണ്ഡലത്തിലെ
ശുദ്ധജലവിതരണ പദ്ധതികൾ</u>

2658 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജക മണ്ഡലത്തിൽ ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏത് ഘട്ടത്തിലാണെന്നും എന്ന് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

**കുടിവെള്ള സ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ അളവ്**

2659 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കുടിവെള്ള സ്രോതസ്സുകളിൽ അപകടകരമാംവിധം കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുടിവെള്ള സ്രോതസ്സുകളിൽ മലിനവസ്തുക്കൾ കലരുന്നത് ഒഴിവാക്കുവാൻ ജനങ്ങൾക്കിടയിൽ ബോധവൽക്കരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>നദികളിലെ മലിനീകരണം</u>
<u>ഒഴിവാക്കുന്നതിനുള്ള പദ്ധതികൾ</u>

2660 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളെ മലിനീകരണത്തിൽ നിന്നും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഈയിനത്തിൽ ഈ സാമ്പത്തിക വർഷം എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കനോലി കനാലിലെ മാലിന്യം നീക്കം ചെയ്യൽ</u>

2661 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂർ മണ്ഡലത്തിലെ കനോലി കനാലിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതോടനുബന്ധമായി കിടക്കുന്ന തിരൂർ പുഴയുടെ വിഷാംശം കാരണം മത്സ്യങ്ങളും കന്നുകാലികളും ചത്തൊടുങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതൊഴിവാക്കാൻ എന്ത് മുൻകരുതലാണ് കൈക്കൊണ്ടിട്ടുള്ളത്;

(ഡി) കനോലി കനാലിന്റെ മാലിന്യങ്ങൾ നീക്കം ചെയ്ത് ഇരുകരകളും സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) കനോലി കനാലിലൂടെ, കൂട്ടായി ടൂറിസം കേന്ദ്രം മുതൽ ഒട്ടുമ്പുറം ടൂറിസം കേന്ദ്രം വരെ ജലഗതാഗത സൗകര്യമൊരുക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

<u>ജലത്തിന്റെ ഗുണമേന്മ പരിശോധന</u>

2662 ശ്രീ. എം. എ. വാഹീദ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ജലപരിശോധനയിലൂടെ കണ്ടെത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഇങ്ങനെ കണ്ടെത്തുന്ന ജലത്തിലെ ദോഷകരമായ രാസപദാർത്ഥങ്ങൾ ശുദ്ധീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>വേനൽക്കാലത്തെ ജലക്ഷാമം</u>

2663 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) എല്ലാ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ;

(സി) കുടിവെള്ളം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തടാകങ്ങളുടേയും കായലുകളുടേയും കയ്യേറ്റം</u>

2664 ശ്രീ. പി. ഉബൈദുള്ള
,, എൻ. ഷംസുദ്ദീൻ
,, എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തടാകങ്ങളുടെയും, കായലുകളുടെയും വിസ്തൃതി ദിനംപ്രതി കയ്യേറ്റം മൂലം കുറഞ്ഞു വരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കയ്യേറ്റങ്ങൾ തടയാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) തടാകങ്ങളുടെയും കായലുകളുടെയും, മുൻ കാലത്ത് തയ്യാറാക്കിയ സർവ്വെ സ്കെച്ചുകൾ ജലവിഭവ വകുപ്പിന്റെ കൈവശമുണ്ടോ; എങ്കിൽ റവന്യൂ വകുപ്പുമായി ചേർന്ന് സർവ്വെ നടത്തിയ കയ്യേറ്റങ്ങൾ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

ജലശ്രീ ക്ലബ്ബുകളും ജലസൗഹൃദവിദ്യാലയങ്ങളും

2665 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലശ്രീ ക്ലബ്ബുകളുടെയും ജലസൗഹൃദ വിദ്യാലയങ്ങളുടേയും പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ ജലസംസ്കാരം വളർത്തിയെടുക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) എവിടെയൊക്കെയാണ് ഇവയുടെ പ്രവർത്തനം നടത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) മികച്ച ജലസൗഹൃദ വിദ്യാലയത്തിന് പുരസ്കാരങ്ങൾ നൽകുന്നകാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>അരൂർ മണ്ഡലത്തിലെ നദികളിലെ മാലിന്യം</u>

2666 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ നദികളിലും പുഴകളിലും മാലിന്യം അടിഞ്ഞുകൂടി നദീയാത്ര ദുരിതപൂർണ്ണമായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പായലുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>അരൂർ മണ്ഡലത്തിലെ തോടുകളിലെ മാലിന്യം</u>

2667 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ചന്തിരൂർ പുത്തൻ തോട്, പുത്തൻപാലം തോട് എന്നിവ മാലിന്യങ്ങൾ അടിഞ്ഞുകൂടി ആഴം കുറഞ്ഞിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തോടുകൾ ആഴം കൂട്ടി രണ്ടു വശങ്ങളിലും കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പൊന്നാനിയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്</u>

2668 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ വാട്ടർ അതോറിറ്റി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് ഇല്ലാത്തതുമൂലം മൂന്ന് ലക്ഷത്തോളം ജനങ്ങൾ വേണ്ടത്ര ശുദ്ധീകരിക്കാത്ത ജലമാണ് ഉപയോഗിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭാരതപ്പുഴയിൽ നരിപ്പറമ്പ് പമ്പ് ഹൗസിന് സമീപം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) പൊന്നാനിയിൽ ജലവിതരണത്തിന് മതിയായ സൗകര്യമില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ എല്ലാ കുടുംബങ്ങൾക്കും ശുദ്ധജലം നൽകുന്നതിന് പുതിയ വിതരണ ശൃംഖല സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തൃക്കാക്കര മുൻസിപ്പാലിറ്റിയിൽ</u>
<u>ജലഅതോറിറ്റിയുടെ ക്യാഷ് കൗണ്ടർ</u>

2669 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മുൻസിപ്പാലിറ്റിയിൽ ജലഅതോറിറ്റിയുടെ ക്യാഷ് കൗണ്ടർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഇല്ലെങ്കിൽ ക്യാഷ് കൗണ്ടർ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

വാട്ടർ അതോറിറ്റിയിലെ കമ്പ്യൂട്ടർവൽക്കരണം

2670 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ എന്നാണ് കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചത്;

(ബി) അതോറിറ്റിയിലെ കമ്പ്യൂട്ടർവൽക്കരണ നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ;

(സി) എന്നത്തേയ്ക്ക് കമ്പ്യൂട്ടർവൽക്കരണം പൂർണ്ണമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>വാട്ടർ അതോറിറ്റി ജീവനക്കാർക്ക് പരിശീലനം നൽകുന്ന പരിപാടി</u>

2671 ശ്രീ. ആർ. സെൽവരാജ്
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി ജീവനക്കാർക്ക് സാങ്കേതികവും ഭരണപരവുമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനായി എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ;

(ബി) ഇതിനായി ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം പരിശീലനങ്ങളാണ് ജീവനക്കാർക്ക് നൽകുന്നത് ;

(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് ട്രെയിനിംഗ് സെന്ററിൽ ഒരുക്കിയിട്ടുള്ളത് ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>തുടർച്ചാ അനുമതി ആവശ്യമുള്ള തസ്തികകൾ</u>

2672 ശ്രീ. എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുടർച്ചാ അനുമതി ആവശ്യമുള്ള എത്ര തസ്തികകൾ ജലസേചന വകുപ്പിൽ നിലവിലുണ്ട്;

(ബി) തുടർച്ചാ അനുമതി ലഭിക്കാത്തതുകൊണ്ട് വേതന അനൂകൂല്യങ്ങൾ എ. ജി. തടഞ്ഞു വയ്ക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) തുടർച്ചാ അനുമതി ലഭിക്കാത്ത തസ്തികകളിൽ ജീവനക്കാരെ നിയോഗിക്കുന്നത് നിർത്തി വയ്ക്കാമോ;

(ഡി) സ്ഥിര നിയമനം ലഭിച്ചവർക്ക് സർവ്വീസ് ആനുകൂല്യങ്ങൾക്ക് തുടർച്ചാ അനുമതി വേണമെന്ന വ്യവസ്ഥക്ക് മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 19.12.2012-ലെ മറുപടിക്ക്

കേരള വാട്ടർ അതോറിറ്റിയിലെ
ജീവനക്കാരുടെ എണ്ണം

2673 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യത്തിന്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേരള വാട്ടർ അതോറിറ്റിയിൽ എൻ. എം.ആർ, സി. എൽ. ആർ, എച്ച്. ആർ സ്വന്തം പേരിൽ വേതനം കൈപ്പറ്റുന്നവർ, എച്ച്. ആർ കോൺട്രാക്ട് അടിസ്ഥാനത്തിൽ എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>പെൻഷൻ ആനുകൂല്യം നൽകുന്നത്
സംബന്ധിച്ച നടപടി</u>

2674 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞിട്ടുള്ള എത്ര ജീവനക്കാർക്ക് അർഹമായ പെൻഷൻ ആനുകൂല്യം നൽകുവാൻ കുടിശ്ശികയുണ്ട്;

(ബി) അർഹമായ പെൻഷൻ ആനുകൂല്യങ്ങൾ അടിയന്തിരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(സി) പെൻഷൻ പറ്റി അങ്കമാലി ഇടമലയാർ ഇറിഗേഷൻ പ്രൊജക്ട് ഡിവിഷനിലെ ഡിവിഷണൽ അക്കൗണ്ട് തസ്തികയിൽ നിന്നും 31-03-2011 -ൽ പിരിഞ്ഞ ശ്രീമതി അജിതകുമാരിയുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകിയിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ വൈകിയതുമൂലം കുടിശ്ശിക തുക പലിശ സഹിതം നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

കേരള വാട്ടർ അതോറിറ്റി ജീവനക്കാർക്കുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ് തുക

2675 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാർക്കുള്ള 2012 വർഷത്തിലേയ്ക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുവാനായി എത്ര രൂപയുടെ ക്ലെയിം ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം ശേഖരിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത തുക ഈ വർഷം തന്നെ ജീവനക്കാർക്ക് ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>മെഡിക്കൽ റീഇംബേഴ്സ്മെന്റ് പുനസ്ഥാപിക്കാൻ നടപടി</u>

2676 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാർക്ക് നിലവിലുണ്ടായിരുന്ന മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നാണ് നിർത്തലാക്കിയത് ;

(ബി) നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) മെഡിക്കൽ റീഇംബേഴ്സ്മെന്റ് പുന:സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 19.12.2012-ലെ മറുപടിക്ക്

<u>കനോലി കനാലിന്റെ കരസംരക്ഷണം</u>

2677 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ജലവിഭവ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയായി അംഗീകരിച്ച കനോലി കനാലിന്റെ പൊന്നാനി മേഖലയിൽ ഇരുകരകളും സംരക്ഷിക്കപ്പെടാതെ കര ഇടിഞ്ഞു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ കര സംരക്ഷണത്തിനായി പില്ലറുകളും സ്ലാബുകളും പലയിടത്തും വാർത്തു കിടക്കുന്നുണ്ടെങ്കിലും പണികൾ തുടരുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കാമോ ; ഇത് പരിഹരിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത സ്ലാബുകളും പില്ലറുകളും വാർത്തു കിടക്കുന്നത് സ്വകാര്യ വ്യക്തികളുടെ കൃഷിസ്ഥലത്തായതിനാൽ കൃഷി നടത്താനും തോട്ടം സംരക്ഷിക്കാനും കഴിയാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന് അടിയന്തിരമായി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?